(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷത്തിൽ 13.79 ലക്ഷം കുടുംബങ്ങളിലെ 15.12 ലക്ഷം പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ശരാശരി 42.6 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ അവിദഗ്ധ കായിക തൊഴിൽ വേതനമായി 150062.26 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷത്തെ വേതന കുടിശ്ശിക 3357.22 ലക്ഷം രൂപയാണ്.

പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന

34 (1402) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത് ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുക വീതമാണ് 2014-15-ൽ നീക്കിവച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതികളിലേയ്ക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള റോഡുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രതിമാസ സംസ്ഥാനതല അവലോകന യോഗത്തിനു പുറമെ അതാതു ജില്ലകളിൽ കൂടി പ്രതിമാസ അവലോകനയോഗം നടത്തുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാകളക്ടർമാർ ചെയർമാനായുള്ള പ്രോഗ്രാം മാനേജ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റീജിയണൽ റിവ്യൂമീറ്റിംഗുകളും സംസ്ഥാനതല മീറ്റിംഗുകളും നടത്തിവരുന്നു. പി.എം.ജി.എസ്.വൈ.-II നടപ്പാക്കുന്നതിനായി ആവശ്യമുള്ള 14 ജില്ലകളുടെയും ജില്ലാതലത്തിലുള്ള ഗ്രാമീണ റോഡുകളുടെ പ്ലാൻ (DRP) Map in GIS-Platform-ൽ തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി 570 കി.മീ. ദൈർഘ്യംവരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽനിന്നും നേടിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. പ്രകാരം എല്ലാ ഘട്ടങ്ങളിലുമായി 1430 റോഡുകളാണ് നിലവിലുള്ളത്.

(സി) പി.എം.ജി.എസ്.വൈ-I, 100 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതിയാണ്. പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം 5 വർഷത്തെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. എന്നാൽ പി.എം.ജി.എസ്.വൈ. II-ൽ 75:25 (75 കേന്ദ്രം 25 സംസ്ഥാനം) പിന്നോക്ക ജില്ലകൾക്ക് 90:10 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്.

(ഡി) പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവൃത്തികൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി കരാർ ഉറപ്പിക്കുവാൻ കഴിയാത്ത പ്രവൃത്തികൾക്കെല്ലാം തന്നെ പി.എം.ജി.എസ്.വൈ. 2013 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കുടുംബശ്രീയുടെ പ്രവർത്തനം

35 (1403) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly